(ബി) ആറ്റിങ്ങൽ പ്രദേശം രണ്ടു താലൂക്കുകളായി മാറിയപ്പോൾ വ്യവസായ വകപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വകപ്പിന്റെ പ്രവർത്തനം തൃപ്തികരമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തദ്ദേശ സ്വയംഭരണ വകപ്പുകളുമായി ബന്ധപ്പെട്ട് വ്യവസായ വകപ്പ് നടത്തുന്ന പരിശീലന പരിപാടികളും പദ്ധതികളും ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലുൾപ്പെട്ട പ്രദേശങ്ങളിൽ ഈ സാമ്പത്തിക വർഷം സംഘടിപ്പിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ ചിറയിൻകീഴ് താലൂക്കിൽ എവിടെയാണ് പദ്ധതി നടന്നത്; എന്തെല്ലാം പദ്ധതികളാണ് നടന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശത്ത് പുതിയതായി വർക്കല താലൂക്ക് നിലവിൽ വന്നെങ്കിലും വ്യവസായ വകപ്പിന്റെ താലൂക്കുതല ഓഫീസ് നാളിതുവരെ രൂപീകൃതമായിട്ടില്ല. ആയതിനാൽ വർക്കല താലൂക്ക് രൂപീകൃതമാകുന്നതിന് മുമ്പ് ക്രമീകരിച്ചിരുന്ന അതേ സംവിധാനത്തിൽ ടി താലൂക്ക് ചിറയിൻകീഴ് താലൂക്ക് വ്യവസായ ഓഫീസിന്റെ നിയന്ത്രണത്തിൽ തുടർന്നുവരുന്നു.

(ബി) ഇല്ല.

(സി) സംഘടിപ്പിച്ചിട്ടുണ്ടായിരുന്നു. ജനകീയാസൂത്രണ പദ്ധതിയിൽ ചിറയിൻകീഴ് ബ്ലോക്കിൽ രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു. ഈ സാമ്പത്തിക വർഷം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടും പ്രാതിനിധ്യത്തോടും കൂടി ചിറയിൻകീഴിൽ സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുകയുണ്ടായി. കൂടാതെ ചിറയിൻകീഴിലെ ആറ്റിങ്ങൾ മുനിസിപ്പൽ പ്രദേശത്തെ പത്ത് പട്ടികജാതി വനിതകൾക്ക് ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനവും സബ്സിഡി നിരക്കിൽ ഓട്ടോറിക്ഷകളും ലഭ്യമാക്കി. പേപ്പർ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനവും യൂണിറ്റ് രൂപീകരണവും നടപ്പിലാക്കി.

ടെൽക്കിന്റെ ലാഭം

223 (4214) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെൽക്കിന്റെ ലാഭം കുറയുകയാണെന്ന പഠന റിപ്പോർട്ടിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നഷ്ടത്തിന് കാരണമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2006-2011, 2011-2014 എന്നീ കാലയളവിൽ ടെൽക്കിന്റെ ലാഭം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) മൂന്നരവർഷം കഴിഞ്ഞ ദീർഘകാല കരാറിന് അംഗീകാരം നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; ഇതിന് എന്നത്തേയ്ക്ക് അംഗീകാരം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ലാഭം കുറയുന്നത് സംബന്ധിച്ച് പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല. ടെൽക്ക്-എൻ.റ്റി.പി.സി. സംയുക്ത സംരംഭത്തിന്റെ പ്രവർത്തനലാഭം കുറഞ്ഞു വരികയാണ്. സംയുക്ത സംരംഭ കരാർ പ്രകാരമുള്ള നൂതനസാങ്കേതിക വിദ്യ ലഭ്യമാകാത്തതും, വൈദ്യുതിമേഖലയിലുള്ള മാന്ദ്യം, ഉൽപ്പന്നങ്ങളുടെ ഇറക്കുമതി എന്നിവയാണ് കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധികൾ. കമ്പനി നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നേരിട്ട് കമ്പനിയുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ഇതിനകം തന്നെ നൽകിയിട്ടുമുണ്ട്.

(ഡി) 2006-11,2011-14 കാലയളവുകളിലെ ടെൽക്കിന്റെ ലാഭം എത്രയെന്ന വിവരം ചുവടെ ചേർക്കുന്നു :

Profit (After Tax) from 2006-07to 2010-11

Rs. In lakhs

2006-07	2007-08	2008-09-	2009-10	2010-11
1395.89	2460.39	3119.25	2968.05	1220.16

Profit (After Tax) from 2011-12 to 2013-14

Rs. In lakhs

2011-12	2012-13	2013-14
1320.85	158.53	81.71

(ഇ) ദീർഘകാല കരാറിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കരാറിലുള്ള ന്യൂനതകൾ പരിഹരിക്കണമെന്ന ടെൽക്ക് മാനേജ്മെന്റിന്റെ നിവേദനം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly